ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെകാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂകോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക്ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3-6512(ബി)/2013/സിഇ/തസ്വഭവ

തീയതി : 29.12.2016

# സർക്കുലർ

വിഷയം:- എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർമാർക്ക് ഹൈ സ്പീഡ് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തുകളിൽ Sulekha, PRICE, E-tender എന്നീ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് പൊതുമരാമത്ത് പ്രവൃത്തികൾ തയ്യാറാക്കുന്നതിനും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനും ഹൈ സ്പീഡ് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കണമെന്ന് ഈ ഓഫീസിൽ നിന്നും പഞ്ചായത്ത് ഡയറക്ടറിനോട് അഭ്യർത്ഥിച്ചിരുന്നു. ആയതിന് J1-42982/16 dated 20.12.2016 കത്ത് മുഖാന്തിരം എല്ലാ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓഫീസുകളിൽ 4Mbps വേഗത്തിലുള്ള പ്രത്യേക ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, നിലവിൽ 4Mbps direct connection ഇല്ലാത്ത എല്ലാ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാരും, പഞ്ചായത്തിൽ നിന്നും ഹൈ സ്പീഡ് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് അടിയന്തിരമായി രേഖാമൂലം ആവശ്യപ്പെടേണ്ടതാണ്. ആയതിൽ ഏതെങ്കിലും രീതിയിൽ ഉള്ള തടസ്സങ്ങൾ നേരിടുന്നപക്ഷം, ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുഖേന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെ ബന്ധപ്പെടേണ്ടതാണ്. 15 ദിവസത്തിനകം ടി കണക്ഷൻ ലഭ്യമാക്കി ആയത് ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു

ഉള്ളടക്കം : പഞ്ചായത്ത് ഡയറക്ടറുടെ കത്ത്

ചീഫ് എൻജിനീയർ

പകർപ്പ്: എക്സിക്യൂട്ടീവ് എൻജിനിയർമാർ - ഇന്റർനെറ്റ് കണക്ഷൻ എല്ലാ പഞ്ചായത്തുകളിലും ലഭ്യമായതായി ഉറപ്പു വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

P 2445

ജെ1 - 42982/16

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 20.12.2016
jdd.dop.lsgd@kerala.gov.in
Ph No. 04712321053

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

സർ,

വിഷയം:- പഞ്ചായത്ത് വകുപ്പ് - ഗ്രാമപഞ്ചായത്തുകളിലെ LSGD അസിസ്റ്റന്റ് എഞ്ചിനിയർമാർക്ക് ഹൈസ്പീഡ് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ 05.12.2016ലെ ഡി.ബി3-6612/13/CE/LSGD

ഗ്രാമപഞ്ചായത്തുകളിലെ പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് PRICE സോഫ്റ്റ്‌വെയറിലൂടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും E-tender നടപടികൾ സ്വീകരിക്കുന്നതിനും ഹൈസ്പീഡ് ഇന്റർനെറ്റ് ആവശ്യമാണെന്നും നിലവിൽ NOFN വഴി ലഭ്യമാക്കുന്നതും ഷെയർ ചെയ്തിട്ടുള്ളതുമായ നെറ്റ്‌വർക്ക് കണക്ഷൻ ഉപയോഗിക്കുന്നത് കാലതാമസത്തിന് കാരണമാകുന്നുവെന്നും ആയതിനാൽ 4 mbps സ്പീഡ് ഉള്ള നെറ്റ് കണക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ആയതിനാൽ ഗ്രാമപഞ്ചായത്തുകളിലെ LSGD അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ ഓഫീസുകളിൽ 4 mbps വേഗത്തിലുള്ള പ്രത്യേക ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് സെക്രട്ടറിമാർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. ഇതിനാവശ്യമായ ഇൻസ്റ്റലേഷൻ ചാർജ്ജ്, 1000/- രൂപയിൽ കൂടാത്ത പ്രതിമാസ വാടക എന്നിവ തനത് ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.

വിശ്വസ്തതയോടെ

പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി

enerated by CamScanner from intsig.com